കുഞ്ഞ് ജനിച്ച 'സന്തോഷത്തിൽ' ലഹരി പാർട്ടി: നാലംഗ സംഘം പിടിയിൽ

വിപിൻ രാജു, വിവേക്, കിരൺ, ടെർബിൻ

പത്തനാപുരം● കുഞ്ഞ് ജനിച്ചതിന്റെ പേരിൽ ലോഡ്ജ് വാടകയ്ക്ക് എടുത്ത് ലഹരി പാർട്ടി നടത്തിയ തിരുവനന്തപുരം സ്വദേശികളായ നാലംഗ സംഘം എക്സൈസ് പിടിയിൽ. തിരുവനന്തപുരം കഴക്കൂട്ടം പഴഞ്ചിറ മണക്കാട്ടിൽ വീട്ടിൽ വിപിൻ രാജ്(26), ആറ്റിപ്ര കുളത്തൂർ പുതുവൽ മണക്കാട് ചിത്തിര നഗറിൽ സരോജിനി നിവാസിൽ വിവേക്(27), കാട്ടാക്കട വിളപ്പിൽ പേയാട് അശ്വതി ഭവനിൽ കിരൺ(35), വഞ്ചിയൂർ കണ്ണംമൂല വിഹാർ നഗറിൽ ടെർബിൻ(21) എന്നിവരാണ് പിടിയിലായത്. ഇവർക്ക് ലഹരി വിൽക്കുന്ന രണ്ട് പേർ കടന്നുകളഞ്ഞു. 460 മില്ലി ഗ്രാം എംഡിഎംഎയും, 22 ഗ്രാം കഞ്ചാവും സിറിഞ്ചുകൾ, തൂക്കാനുള്ള ത്രാസ് എന്നിവയും പിടികൂടി.

മൂന്നാം പ്രതിയായ കിരണിനു കുഞ്ഞ് ജനിച്ച സന്തോഷത്തിലാണ് ലഹരി പാർട്ടി നടത്തിയതെന്നു പ്രതികൾ എക്സൈസിന് മൊഴി നൽകി.

രക്ഷപ്പെട്ട പ്രതികൾ കൊല്ലം-പത്തനംതിട്ട ജില്ലകളിൽ ലഹരി യെത്തിക്കുന്നതിൽ പ്രധാനികളാണെന്ന് എക്സൈസ് ഉദ്യോഗസ്ഥർ പറഞ്ഞു. പിടികൂടിയവരിൽ ഒന്നാം പ്രതിയായ വിപിൻ രാജും ഒട്ടേറെ കേസുകളിൽ പ്രതിയാണ്. സ്റ്റേറ്റ് എക്സൈസ് എൻഫോഴ്സ്മെന്റിന്റെ വിവരത്തിന്റെ അടിസ്ഥാനത്തിൽ പത്തനാപുരം എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ജി.പ്രശാന്തിന്റെ നേതൃത്വത്തിൽ നടത്തിയ റെയ്ഡിലാണ് അറസ്റ്റ്. സ്ക്വാഡ് ഉദ്യോഗസ്ഥൻ ഡി.എസ്.മനോജ്, മനു, എക്സൈസ് ഇൻസ്പെക്ടർ ഡി.എസ്.ജിഞ്ചു, വി.എ.ഷാജഹാൻ, സുനിൽ കുമാർ, വൈ.അനിൽ, അരുൺ ബാബു, അഭിജിത്ത്, നിതിൻ, ഹരികൃഷ്ണൻ, അരുൺ കുമാർ, സജി ജോൺ എന്നിവർ നേതൃത്വം നൽകി.

അപകീർത്തിപരമായ വിഡിയോകൾ പങ്കുവച്ചുവെന്ന് ആരോപണം

കെഎംഎംഎൽ കമ്യൂണിറ്റി ആൻഡ് പബ്ലിക് റിലേഷൻ മാനേജർക്ക് സസ്പെൻഷൻ

കൊല്ലം ● അപകീർത്തിപരമായ ഉള്ളടക്കത്തോടെ വിഡിയോകൾ തയാറാക്കി സമൂഹ മാധ്യമങ്ങളിൽ പങ്കുവച്ചുവെന്ന് ആരോപണം നേരിട്ട കെഎംഎംഎൽ മിനറൽ സെപ്പറേഷൻ യൂണിറ്റിലെ കമ്യൂണിറ്റി ആൻഡ് പബ്ലിക് റിലേഷൻ മാനേജർ അനിൽ മുഹമ്മദിനെ സസ്പെൻഡ് ചെയ്തു. സർക്കാരിനു ലഭിച്ച പരാതിയെത്തുടർന്നു വ്യവസായ വകുപ്പ് ഓഫിസർ ഓൺ സ്പെഷൽ ഡ്യൂട്ടി അന്വേഷണം നടത്തി സമർപ്പിച്ച റിപ്പോർട്ടിന്മേലാണു നടപടി.

അനിൽ മുഹമ്മദിനെ സസ്പെൻഡ് ചെയ്തു വിവരം റിപ്പോർട്ട് ചെയ്യണമെന്നു കാണിച്ചു വ്യവസായ പ്രിൻസിപ്പൽ സെക്രട്ടറി എപിഎം മുഹമ്മദ് ഹനീഷിന്റെ ഉത്തരവ് ഇന്നലെ കെഎംഎംഎൽ മാനേജിങ് ഡയറക്ടർക്കു ലഭിച്ചു.

കെഎംഎംഎൽ മാനേജിങ് ഡയറക്ടർ മിനറൽ സെപ്പറേഷൻ യൂണിറ്റ് മേധാവിക്കു കൈമാറിയിട്ടുണ്ട്.

സസ്പെൻഷൻ ഉത്തരവ് ഇന്ന് ഉണ്ടാകും.

'ഡിഎ കുടിശിക അനുവദിക്കണം'

പത്തനാപുരം● സർക്കാർ ജീവനക്കാരുടെ ഡിഎ കുടിശിക അനുവദിക്കണമെന്ന് എയ്ഡഡ് സ്കൂൾ മിനിസ്റ്റീരിയൽ അസോസിയേഷൻ സംസ്ഥാന കമ്മിറ്റി ആവശ്യപ്പെട്ടു.

ഏപ്രിൽ 1 മുതൽ മൂന്നു ശതമാനം ഡിഎ നൽകാൻ സർക്കാർ തീരുമാനിച്ചെങ്കിലും കുടിശിക നൽകാൻ തയാറാകുന്നില്ല.

നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം വലിയ തോതിൽ ഉണ്ടാകുമ്പോൾ, ഡിഎ കുടിശിക ഉൾപ്പെടെ ആനുകൂല്യങ്ങൾ തടഞ്ഞു വയ്ക്കുന്നത് ജീവനക്കാരെ ദുരിതത്തിലാക്കുന്നതായും ഭാരവാഹികൾ പറഞ്ഞു. സംസ്ഥാന പ്രസിഡന്റ് വി.പി.മുന്നാസ് അധ്യക്ഷത വഹിച്ചു. പ്രശോഭ് കൃഷ്ണൻ, എൻ.സി.ടി ഗോപീകൃഷ്ണൻ, പൊന്നുമണി, മനോജ് ജോസ്, വി.ആർ.ഷിബു, വഹാബ് കുന്നിക്കോട്, രാജേഷ് കുമാർ എന്നിവർ പ്രസംഗിച്ചു.

കൊട്ടാരക്കര സ്വദേശിയായ ഹോട്ടൽ തൊഴിലാളി മണിമലയാറ്റിൽ മരിച്ച നിലയിൽ

തിരുവല്ല ● കുറ്റൂർ തോണ്ടറ പാലത്തിനു സമീപം മണിമലയാറ്റിൽ ഹോട്ടൽ തൊഴിലാളിയുടെ മൃതദേഹം കണ്ടെത്തി.

കുറ്റൂർ ജംക്ഷനു സമീപം പ്രവർത്തിക്കുന്ന ഹോട്ടലിലെ ജീവനക്കാരനായ കൊട്ടാരക്കര പുത്തൂർ ചെറുവള്ളി പുത്തൻവീട്ടിൽ ഡി.പ്രദീപ്കുമാറിനെയാണ് (48) മരിച്ച നിലയിൽ കണ്ടെത്തിയത്.

ഇന്നലെ രാവിലെ 8 മണിയോടെ പരിസരവാസികളാണ് മൃതദേഹം കണ്ടെത്തിയത്. കഴിഞ്ഞ ദിവസം ഇയാൾ ഹോട്ടലിൽ ജോലിക്ക് എത്തിയിരുന്നില്ലെന്ന് ഉടമ പറഞ്ഞു.

മുങ്ങി മരണമാണെന്നാണ് പൊലീസിന്റെ നിഗമനം.

അഗതി മന്ദിരത്തിലെ അന്തേവാസി തുങ്ങി മരിച്ച നിലയിൽ

പരമു

ഓച്ചിറ● പരബ്രഹ്മ ക്ഷേത്രത്തിലെ അഗതി മന്ദിരത്തിലെ അന്തേവാസി ചികിത്സയിൽ കഴിഞ്ഞ ആശുപത്രിയിലെ മുറിയിൽ തൂങ്ങി മരിച്ച നിലയിൽ. വർഷങ്ങളായി അഗതി മന്ദിരത്തിൽ കഴിഞ്ഞിരുന്ന ശൂരനാട് തെക്ക് കല്ലുതുണ്ടിൽ പരമുവാണ് (81) മരിച്ചത്. കഴിഞ്ഞ നാലു ദിവസമായി ക്ഷേത്രത്തിന്റെ നിയന്ത്രണത്തിലുള്ള സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലായിരുന്നു. ഇന്നലെ 6.30ന് ഭക്ഷണവുമായി എത്തിയ ജീവനക്കാരൻ വിളിച്ചിട്ടും കതക് തുറക്കാത്തതിനെ തുടർന്ന് നടത്തിയ പരിശോധനയിലാണ് തൂങ്ങി മരിച്ച നിലയിൽ കണ്ടെത്തിയത്. ഓച്ചിറ പൊലീസ് കേസെടുത്തു. കരുനാഗപ്പള്ളി താലൂക്ക് ആശുപത്രിയിൽ പോസ്റ്റ്മോർട്ടം നടത്തിയ മൃതദേഹം ബന്ധുക്കൾ ഏറ്റുവാങ്ങി കുടുംബ വീട്ടിൽ സംസ്കരിച്ചു. ഭാര്യ: പരേതയായ രാജമ്മ. മക്കൾ: രാജൻ, ബിന്ദു, സിന്ധു, ശ്രീകുമാരി, രാധാമണി.

വിമാനത്താവള ശുചിമുറിയിൽ ശിശുവിന്റെ മൃതദേഹം

മുംബൈ ● വിമാനത്താവള ശുചിമുറിയിലെ ചവറ്റുകുട്ടയിൽ നവജാതശിശുവിന്റെ മൃതദേഹം കണ്ടെത്തിയ സംഭവത്തിൽ പൊലീസ് അന്വേഷണം ആരംഭിച്ചു.

ചൊവ്വ രാത്രി 10.30ന് രാജ്യാന്തര ടെർമിനലിലെ ശുചിമുറിയിലാണു ദിവസങ്ങൾ പ്രായമുള്ള കുഞ്ഞിന്റെ മൃതദേഹം ശുചികരണ തൊഴിലാളികൾ കണ്ടെത്തിയത്. മൃതദേഹം കൂപ്പർ ആശുപത്രിയിലേക്കു മാറ്റി.

ഏകദിന ടെക്നോളജി ക്ലിനിക്

കൊല്ലം● ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ നേതൃത്വത്തിൽ ഇന്നു രാവിലെ 9.30 ന് ആശ്രാമം കെഎസ്എസ്ഐഎ ഹാളിൽ ഏകദിന ടെക്നോളജി ക്ലിനിക് കലക്ടർ എൻ.ദേവിദാസ് ഉദ്ഘാടനം ചെയ്യും.

ജില്ലാ വ്യവസായകേന്ദ്രം ജനറൽ മാനേജർ കെ.എസ് ശിവകുമാർ അധ്യക്ഷനാകും. പുതിയ സാങ്കേതിക വിദ്യകൾ ഉപയോഗിക്കുന്നതിലൂടെ സംരംഭകരുടെ പ്രവർത്തനരീതികൾ മെച്ചപ്പെടുത്തുകയാണ് ലക്ഷ്യം. കിഴങ്ങ് വിളകൾ, ചക്ക, മറ്റ് കാർഷിക വിളകൾ എന്നിവയിൽ നിന്നുള്ള മൂല്യവർധിത ഉൽപന്നങ്ങളുമായി ബന്ധപ്പെട്ടാണ് ക്ലിനിക്. ഉദ്യം രജിസ്ട്രേഷനുള്ള ഭക്ഷ്യ മേഖലയുമായി ബന്ധപ്പെട്ട സംരംഭകർക്ക് പങ്കെടുക്കാം.

ബൈക്ക് നിയന്ത്രണം വിട്ട് മറിഞ്ഞ് യുവാവ് മരിച്ചു

ബഹ്റൈനിൽ ജോലി ചെയ്യുന്ന യുവാവ് കഴിഞ്ഞ ആഴ്ചയാണ് നാട്ടിലെത്തിയത്

സന്ദേശ്.കെ. സുഭാഷ്

ശാസ്താംകോട്ട ● കൊറ്റംകുളങ്ങര ചമയ വിളക്കെടുപ്പ് ഉത്സവം കണ്ട് മടങ്ങുന്നതിനിടെ ബൈക്ക് നിയന്ത്രണം വിട്ട് മറിഞ്ഞ് പ്രവാസിയായ യുവാവ് മരിച്ചു. മൈനാഗപ്പള്ളി ഇടവനശേരി കൃതാലയത്തിൽ സുഭാഷ്- സുചിത്ര ദമ്പതികളുടെ മകൻ സന്ദേശ് കെ. സുഭാഷ് (അച്ചു-25) ആണ് മരിച്ചത്.

തഴവ അരമത്ത്മഠത്തുള്ള സുഹൃത്തിനെ വീട്ടിലാക്കി മടങ്ങുന്നതിനിടെ കഴിഞ്ഞ ദിവസം പുലർച്ചെ ഒന്നരയോടെ പുതിയകാവ്- ചക്കുവള്ളി റോഡിൽ തൊടിയൂർ സൈക്കിൾ മുക്കിലാണ് അപകടം. ഗുരുതരമായി പരുക്കേറ്റ സന്ദേശിനെ നാട്ടുകാർ ചേർന്നു കരുനാഗപ്പള്ളി താലൂക്ക് ആശുപത്രിയിലും കൊല്ലത്തെ സ്വകാര്യ ആശുപത്രിയിലും എത്തിച്ച ശേഷം തിരുവനന്തപുരം മെഡിക്കൽ കോളജ് ആശുപത്രിയിലേക്ക് കൊണ്ടുപോകുന്നതിനിടെ മരിച്ചു. ബഹ്റൈനിൽ ജോലി ചെയ്യുന്ന സന്ദേശ് കഴിഞ്ഞ ആഴ്ചയാണ് നാട്ടിലെത്തിയത്. സംസ്കാരം നടത്തി. സഹോദരി സാന്ദ്ര.



മനോരമ ഓൺലൈനും ജെയിൻ യൂണിവേഴ്സിറ്റിയും ജോയ്ആലുക്കാസും ചേർന്നു നടത്തുന്ന ലഹരി വിരുദ്ധ ക്യാംപെയിനിന്റെ സമാപനം കുറിച്ച് കൊച്ചി ഇൻഫോപാർക്കിലെ ജെയിൻ ക്യാംപസിൽ നടത്തിയ ഡ്രോൺ ഷോയിൽ നിന്ന്. *ചിത്രം: മനോരമ*

ആകാശപ്പൊക്കത്തിൽ 'എമ്പുരാൻ' ആവേശം

കൊച്ചി ● നഗരരാവിൽ 'എമ്പുരാൻ' ആവേശം ആകാശപ്പൊക്കത്തിൽ. 250 ഡ്രോണുകൾ വരച്ചിട്ട അബ്രാം ഖുറേഷിയും സയീദ് മസൂദും ആയിരക്കണക്കിനു കാണികളെ ആവേശം കൊള്ളിച്ചതിനു പിന്നാലെ ആ പഞ്ച് ഡയലോഗ് മുഴങ്ങി- 'നാർകോട്ടിക്സ് ഈസ് എ ഡേർട്ടി ബിസിനസ്'. ഇതിനൊപ്പം, ലഹരിശൃംഖല തകർക്കുന്ന ഉരുക്കുകരത്തിന്റെ രൂപമായി ഡ്രോണുകൾ ആകാശത്തു വിരിഞ്ഞു. എമ്പുരാൻ ടീമും മനോരമ ഓൺലൈനും ജെയിൻ യൂണിവേഴ്സിറ്റിയും ജോയ്ആലുക്കാസും ചേർന്നു നടത്തുന്ന, 'ലഹരിക്കെതിരെ ഒരുമിക്കൂ' എന്ന, ലഹരി വിരുദ്ധ ക്യാംപെയ്നിനു സമാപനം കുറിക്കുകയായിരുന്നു ഇൻഫോപാർക്കിലെ ജെയിൻ യൂണിവേഴ്സിറ്റി ക്യാംപസിൽ. അതിന്റെ ഭാഗമായിരുന്നു ഡ്രോൺ ഷോ വിസ്മയക്കാഴ്ച.

മോഹൻലാൽ, പൃഥ്വിരാജ്, ടൊവിനോ തോമസ്, ഇന്ദ്രജിത്, മഞ്ജു വാരിയർ എന്നിവരടങ്ങിയ താരനിരയും നിർമാതാക്കളുടെ നിരയിൽ ആന്റണി പെരുമ്പാവൂർ, കൃഷ്ണമൂർത്തി ഉൾപ്പെടെയുള്ളവരും അതിനു സാക്ഷികളായി.

ജെയിൻ യൂണിവേഴ്സിറ്റിയുടെ സഹകരണത്തോടെ ഇൻഫോപാർക്ക് ജനമൈത്രി പൊലീസിന്റെ നേതൃത്വത്തിൽ ലഹരിക്കെതിരെയുള്ള പോരാട്ടത്തിന്റെ ഭാഗമായി 'സേ നോ ടു ഡ്രഗ്സ്' എന്ന പോസ്റ്റർ മോഹൻലാലിനു കൈമാറി. മലയാള മനോരമ ചീഫ് ന്യൂസ് എഡിറ്റർ (കോട്ടയം) വിനോദ് നായർ, മനോരമ ഓൺലൈൻ സീനിയർ കോ ഓർഡിനേറ്റിങ് എഡിറ്റർ സന്തോഷ് ജോർജ് ജേക്കബ്, ജോയ്ആലുക്കാസ് ഡിജിഎം അനീഷ് വർഗീസ് തുടങ്ങിയവർ പ്രസംഗിച്ചു.

ഏഷ്യൻ ബുക്ക് ഓഫ് റെക്കോർഡ്സ്, ഇന്ത്യൻ ബുക്ക് ഓഫ് റെക്കോർഡ്സ് നേട്ടവും പരിപാടിക്കു ലഭിച്ചു.

സ്മരണാഞ്ജലി

സ്നേഹസ്മരണയുടെ ഏഴാം വാർഷികം

K. PANKAJAKSHA PANICKER

(Rtd. Asst. Exe. Engineer, DRDA, Chairman, BLEC, TAG)

POOVOTTU, KAYILA, MYLODE P.O., POOYAPPALLY

ദുഃഖസ്മരണകളോടെ – ഭാര്യ: ഐഷ T. T.

മക്കൾ: Dr. അനീഷ് P. I., ദിവ്യ എബി.

മരുമക്കൾ: സോജി അനീഷ്, എബി കെ. ആർ., കൊച്ചുമക്കൾ

സ്നേഹസ്മരണയ്ക്ക്

4-ാം വർഷം

അനിൽ കുമാർ ജി.

(Rtd. Asst.Administrative Officer, GREF)

(01.11.1957 - 27.03.2021)

9-ാം വർഷം

അതുൽ എ.

(ശ്രീക്കുട്ടൻ)

(27.09.1991-23.02.2016)

ശ്രീഭവൻ, കോവിൽമുക്ക്, പനയം P.O.

പെരിനാട്, കൊല്ലം

ആത്മശാന്തിക്കായി പ്രാർഥനയോടെ

ദുഃഖാർത്തരായ

വൽസല ബി., അതുല്യ A.

മഹേഷ് M. S.

Obituary

സംസ്കാരം ഇന്ന് (27-03-2025, 11ന്)

എസ്. ജോൺ (75)

Retired Teacher, Govt. U.P.S, നടുത്തേരി, തലവൂർ

മുകളുവിള പുത്തൻ വീട്, പറങ്കിമാംമുകൾ

ഭാര്യ: രാജമ്മ ജോൺ (പാണ്ടിത്തിട്ട പാടിപ്പുറത്ത് കുടുംബാംഗം)

മക്കൾ: ലിറ്റി ജോൺ, ലിന്റാ ജോൺ (V.V U.P.S, വെളിയം)

മരുമക്കൾ: ജോൺ കെ തങ്കച്ചൻ (വില്ലേജ് ഓഫീസ്, പട്ടാഴി വടക്കേക്കര)

അലക്സ് എബ്രഹാം (P. P. XI H.S. S, കറ്റാനം.)

'യേശു അവളോട്: ഞാൻ തന്നെ പുനരുത്ഥാനവും ജീവനും ആകുന്നു; എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും.' യോഹന്നാൻ 11:25

സംസ്കാരം ഇന്ന് (27.03.2025)

കുഞ്ഞമ്മ അലക്സാണ്ടർ (97)

പകലോമറ്റം എബനേസർ പുത്തൻവീട്, കുതിരച്ചിറ, പുനലൂർ

(പരേത കല്ലട തുളശ്ശേരി മണപ്പുറത്ത് തറവാട് കുടുംബാംഗമാണ്)

W/o പാസ്റ്റർ പി. ഐ. അലക്സാണ്ടർ (Late) (നിരക്കൽ കൊച്ചുണ്ണൂണ്ണിച്ചൻ)

സംസ്കാര ശുശ്രൂഷ ഇന്ന് (വ്യാഴം) രാവിലെ 8.30ന് സ്വവസതിയായ നരിക്കൽ കല്ലടമുക്ക് പാറവിള വീട്ടിൽ ആരംഭിച്ച്, ഉച്ചയ്ക്ക് 1 മണിക്ക് പുനലൂർ ഇന്ത്യ പെന്തക്കോസ്ത് ദൈവസഭ (ഐ. പി. സി.) കർമ്മേൽ ടൗൺ ചർച്ചിന്റെ നേതൃത്വത്തിൽ പ്ലാച്ചേരിയിലുള്ള സെമിത്തേരിയിൽ സംസ്കാരം നടത്തുന്നതുമാണ്.

മക്കൾ:	മരുമക്കൾ:
മേരിക്കുട്ടി വർഗീസ് (യു.എസ്.എ)	തോമസ് വർഗീസ് (Late)
സാറാമ്മ തോമസ് (പുനലൂർ)	സി. വി. തോമസ് കുട്ടി (Late)
ഏബ്രഹാം അലക്സാണ്ടർ (പുനലൂർ)	എൽസി ഏബ്രഹാം
തോമസ് അലക്സാണ്ടർ (Late)	മിനി തോമസ്
ഗ്ലോറി സുരേഷ് (ബെംഗളൂരു)	കെ. എസ്. സുരേഷ്
പെർസിസാമ്മ മാത്യു (പുനലൂർ)	ഒ. മാത്യു
പാസ്റ്റർ ജോർജ് അലക്സാണ്ടർ (യു.എസ്.എ)	സാലി ജോർജ്
ഇടിക്കുള അലക്സാണ്ടർ (യു.എസ്.എ)	ഡോ. എലിസബത്ത് ഇടിക്കുള
ജോൺസൺ അലക്സാണ്ടർ (യു.എ.ഇ)	ഷീന ജോൺസൺ
ഇവാൻജലിസ്റ്റ് ബെഗിൻ അലക്സാണ്ടർ (യു.കെ)	സൂസൻ ബെഗിൻ

ഇരുപത്തി അഞ്ച് കൊച്ചുമക്കൾ, ഇരുപത് ചെറുമക്കൾ, മൂന്ന് കൊച്ചു കൊച്ചുമക്കൾ, സന്തപ്ത കുടുംബാംഗങ്ങൾ.

കേരള സംസ്ഥാന സഹകരണ ബാങ്ക് ലിമിറ്റഡ്

റീജിയണൽ ഓഫീസ്, തിരുവനന്തപുരം

പി. ബി. നം. 5122, ഈസ്റ്റ് ഫോർട്ട്, ഫോർട്ട്.പി.ഒ., തിരുവനന്തപുരം-695023. ഫോൺ: 0471-2451595, 2451596, 2451597.

ഇ-ലേല വിൽപന നോട്ടീസ്

സെക്യൂരിറ്റി ഇന്റർസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ് 2002 ലെ റൂൾ നിബന്ധന 8(6) & 9 പ്രകാരമുള്ള സ്ഥാവര വസ്തുക്കളുടെ ഇ-ലേല വിൽപന നോട്ടീസ്.

ബാങ്കിൽ പണയപ്പെടുത്തിയ താഴെ കൊടുത്തിരിക്കുന്ന സ്ഥാവര വസ്തുക്കൾ വായ്പക്കാർ/ജാമ്യക്കാർ എന്നിവർ കുടിശ്ശിക തുക തിരിച്ചടയ്ക്കാത്തതിനാൽ **കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ** അധികാരപ്പെട്ട ഉദ്യോഗസ്ഥൻ സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസ്സ് ആന്റർ എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്റർസ്റ്റ് ആക്ട് 2002 & സെക്യൂരിറ്റി (എൻഫോഴ്സ്മെന്റ്) റൂൾസ് 2002 പ്രകാരം കൈവശമെടുത്തിട്ടുള്ള സ്ഥാവര വസ്തുക്കൾ ഇ-ലേലം വഴി വിൽപന നടത്താൻ തീരുമാനിച്ചിരിക്കുന്നു.

1. **സെക്യൂവേർഡ് ക്രെഡിറ്ററുടെ പേരും വിലാസവും: കേരള സംസ്ഥാന സഹകരണ ബാങ്ക്, അയത്തിൽ ശാഖ: വായ്പ നമ്പർ 03059 60250 20264**

വായ്പക്കാരന്റെ പേരും വിലാസവും: **ശ്രീ. സീതി**, റൂബി വില്ല, കല്ലുംതാഴം. പി.ഒ., കൊല്ലം-691004.
വസ്തു ഉടമസ്ഥന്റെ പേരും വിലാസവും: **ശ്രീ. സീതി**, റൂബി വില്ല, കല്ലുംതാഴം. പി.ഒ., കൊല്ലം-691004.

31-12-2024 ലെ ആകെ ബാക്കിനിൽപ്പ് തുക: **രൂപ 22,70,942/-(ഇരുപത്തിരണ്ട് ലക്ഷത്തി എഴുപതിനായിരത്തി തൊള്ളായിരത്തിനാൽപത്തിരണ്ട് രൂപ)** യും പലിശയും മറ്റു ചെലവുകളും.

സ്ഥാവര വസ്തുവിന്റെ വിവരണം: കേരള സംസ്ഥാനത്ത് കൊല്ലം ജില്ല, കൊല്ലം താലൂക്ക്, കിളികൊല്ലൂർ വില്ലേജിൽ തണ്ടപ്പേർ നമ്പർ 26159, ബ്ലോക്ക് നമ്പർ 15, റീ സർവ്വേ നമ്പർ 567/22,570/13 ൽ പ്പെട്ട 04.38 ആർ വസ്തുവും അതിലിരിപ്പ് മറ്റ് സകല വകകളും. **അതിരുകൾ: വടക്ക്:** നടപ്പാത; **തെക്ക്:** ജമാൽ വക വസ്തു; **കിഴക്ക്:** നസീമ വക വസ്തു; **പടിഞ്ഞാറ്:** കൃഷ്ണൻകുട്ടി വക വസ്തു.

കരുതൽ വില: **രൂപ 29,00,000/- (ഇരുപത്തൊൻപത് ലക്ഷം രൂപ മാത്രം)**	നിരതദ്രവ്യം (ഇ.എം.ഡി): **രൂപ 2,90,000/-(രണ്ട് ലക്ഷത്തി തൊണ്ണൂറായിരം രൂപ മാത്രം)**

NEFT/RTGS ജനറൽ സസ്പെൻസ് അക്കൗണ്ട് നം. 1110 2200 503601; IFSC: KSBK0001110

2. **സെക്യൂവേർഡ് ക്രെഡിറ്ററുടെ പേരും വിലാസവും: കേരള സംസ്ഥാന സഹകരണ ബാങ്ക്, ചാത്തന്നൂർ (കൊല്ലം) ശാഖ: വായ്പ നമ്പർ 111760454000848**

വായ്പക്കാരന്റെ പേരും വിലാസവും: **ശ്രീ. ബിനു ഗോപാൽ**, മുണ്ടക്കയ്വിള, താഴം, ചാത്തന്നൂർ. പി.ഒ., കൊല്ലം.
വസ്തു ഉടമസ്ഥന്റെ പേരും വിലാസവും: **ശ്രീ. ബിനു ഗോപാൽ**, മുണ്ടക്കയ്വിള, താഴം, ചാത്തന്നൂർ. പി.ഒ., കൊല്ലം.

21-01-2025 ലെ ആകെ ബാക്കിനിൽപ്പ് തുക: **രൂപ 24,27,889/- (ഇരുപത്തിനാല് ലക്ഷത്തി ഇരുപത്തേഴായിരത്തി എണ്ണൂറ്റിഎൺപത്തൊൻപത് രൂപ)** യും പലിശയും മറ്റു ചെലവുകളും.

സ്ഥാവര വസ്തുവിന്റെ വിവരണം – വസ്തു-1: കേരള സംസ്ഥാനത്ത് കൊല്ലം ജില്ല, പത്തനാപുരം താലൂക്ക്, പട്ടാഴി വില്ലേജിൽ തണ്ടപ്പേർ നമ്പർ 9539, ബ്ലോക്ക് നമ്പർ 5, റീ സർവ്വേ നമ്പർ 1/6 ൽ പ്പെട്ട 14.24 ആർ വസ്തുവും അതിലിരിപ്പ് മറ്റ് സകല വകകളും. **അതിരുകൾ: വടക്ക്:** ബിനു ഗോപാൽ വക വസ്തു; **തെക്ക്:** നടപ്പാത; **കിഴക്ക്:** യശോധരൻ പിള്ള, ലതിക എന്നിവർ വക വസ്തു; **പടിഞ്ഞാറ്:** ബിനു ഗോപാൽ വക വസ്തു.

കരുതൽ വില: **രൂപ 15,83,000/- (പതിനഞ്ച് ലക്ഷത്തി എൺപത്തിമൂവായിരം രൂപ മാത്രം)**	നിരതദ്രവ്യം (ഇ.എം.ഡി): **രൂപ 1,58,300/-(ഒരു ലക്ഷത്തി അൻപത്തെട്ടായിരത്തി മുന്നൂറ് രൂപ മാത്രം)**

സ്ഥാവര വസ്തുവിന്റെ വിവരണം – വസ്തു-2: കേരള സംസ്ഥാനത്ത് കൊല്ലം ജില്ല, കൊട്ടാരക്കര താലൂക്ക്, ചിതറ വില്ലേജിൽ തണ്ടപ്പേർ നമ്പർ 11406, ബ്ലോക്ക് നമ്പർ 56, റീ സർവ്വേ നമ്പർ 395/6, 393/3-3, 393/1-3 ൽ പ്പെട്ട 78.15 ആർ വസ്തുവും അതിലിരിപ്പ് മറ്റ് സകല വകകളും. **അതിരുകൾ: വടക്ക്:** ശശിധരൻ നായർ വക വസ്തു; **തെക്ക്:** മുരളീധരൻ വക വസ്തു; **കിഴക്ക്:** റോഡ്; **പടിഞ്ഞാറ്:** ശശിധരൻ നായർ വക വസ്തു.

കരുതൽ വില: **രൂപ 34,76,000/- (മുപ്പത്തിനാല് ലക്ഷത്തി എഴുപത്താറായിരം രൂപ മാത്രം)**	നിരതദ്രവ്യം (ഇ.എം.ഡി): **രൂപ 3,47,600/-(മൂന്ന് ലക്ഷത്തി നാൽപത്തേഴായിരത്തി അറുന്നൂറ് രൂപ മാത്രം)**

NEFT/RTGS ജനറൽ സസ്പെൻസ് അക്കൗണ്ട് നം. 1117 2200 503601; IFSC: KSBK0001117

3. **സെക്യൂവേർഡ് ക്രെഡിറ്ററുടെ പേരും വിലാസവും: കേരള സംസ്ഥാന സഹകരണ ബാങ്ക്, ചാത്തന്നൂർ (കൊല്ലം) ശാഖ: വായ്പ നമ്പർ 03005 60250 20519**

വായ്പക്കാരന്റെ പേരും വിലാസവും: **ശ്രീ. ഷിബി. എൻ**, S/o നടേശൻ, കിരൺ വിലാസം, താഴം മിഥിൽ, ചാത്തന്നൂർ പി.ഒ., കൊല്ലം
വസ്തു ഉടമസ്ഥയുടെ പേരും വിലാസവും: **ശ്രീമതി സുലോചന**, പനവിളകിഴക്കതിൽ, മീനാട്, ചാത്തന്നൂർ.

31-01-2025 ലെ ആകെ ബാക്കിനിൽപ്പ് തുക: **രൂപ 9,51,000/- (ഒൻപത് ലക്ഷത്തി അൻപത്തൊന്നായിരം രൂപ)** യും പലിശയും മറ്റു ചെലവുകളും.

സ്ഥാവര വസ്തുവിന്റെ വിവരണം: കേരള സംസ്ഥാനത്ത് കൊല്ലം ജില്ല, കൊല്ലം താലൂക്ക്, മീനാട് വില്ലേജിൽ തണ്ടപ്പേർ നമ്പർ 8360, ബ്ലോക്ക് നമ്പർ 32, റീ സർവ്വേ നമ്പർ 230/17-1-3 ൽ പ്പെട്ട 3.23 ആർ വസ്തുവും അതിലിരിപ്പ് മറ്റ് സകല വകകളും. **അതിരുകൾ: വടക്ക്:** സൈനുലാബ്ദീൻ വക വസ്തു; **തെക്ക്:** സുലോചന വക വസ്തു; **കിഴക്ക്:** പ്രസാദ് വക വസ്തു; **പടിഞ്ഞാറ്:** വഴി.

കരുതൽ വില: **രൂപ 9,60,000/- (ഒൻപത് ലക്ഷത്തി അറുപതിനായിരം രൂപ മാത്രം)**	നിരതദ്രവ്യം (ഇ.എം.ഡി): **രൂപ96,000/-(തൊണ്ണൂറ്റിആറായിരം രൂപ മാത്രം)**

NEFT/RTGS ജനറൽ സസ്പെൻസ് അക്കൗണ്ട് നം. 1117 2200 503601; IFSC: KSBK0001117

4. **സെക്യൂവേർഡ് ക്രെഡിറ്ററുടെ പേരും വിലാസവും: കേരള സംസ്ഥാന സഹകരണ ബാങ്ക്, ചാത്തന്നൂർ (കൊല്ലം) ശാഖ: വായ്പ നമ്പർ 030056036120241**

വായ്പക്കാരന്റെ പേരും വിലാസവും: **ശ്രീ. സജീവ്കുമാർ. പി**, S/o പൊന്നപ്പൻ, സരസ്, കോയിപ്പാട്, ചാത്തന്നൂർ പി.ഒ., കൊല്ലം-691572
വസ്തു ഉടമസ്ഥയുടെ പേരും വിലാസവും: **ശ്രീമതി ബിന്ദു**, സരസ്, കോയിപ്പാട്, ചാത്തന്നൂർ പി.ഒ., കൊല്ലം-691572

21-01-2025 ലെ ആകെ ബാക്കിനിൽപ്പ് തുക: **രൂപ 6,50,000/- (ആറ് ലക്ഷത്തി അൻപതിനായിരം രൂപ)** യും പലിശയും മറ്റു ചെലവുകളും.

സ്ഥാവര വസ്തുവിന്റെ വിവരണം: കേരള സംസ്ഥാനത്ത് കൊല്ലം ജില്ല, കൊല്ലം താലൂക്ക്, മീനാട് വില്ലേജിൽ തണ്ട